എന്നാൽ ജലനിധി, ജലധാര, സ്വജലധാര പദ്ധതികൾക്ക് കീഴിൽ പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾക്ക് 30-3-2006-ന് ബോർഡ് പുറപ്പെടുവിച്ച ഉത്തരവു പ്രകാരം കുറഞ്ഞ ഗാർഹിക നിരക്കുകളാണ് നിശ്ചയിച്ചിരിക്കുന്നത്. നിരക്ക് ചുവടെ ചേർക്കുന്നു:

40 യൂണിറ്റ് വരെ	—	115 Ps/Unit
41-80 യൂണിറ്റ് വരെ	—	190 Ps/Unit
81-120 യൂണിറ്റ് വരെ	—	240 Ps/Unit
121-150 യൂണിറ്റ് വരെ	—	300 Ps/Unit
151-200 യൂണിറ്റ് വരെ	—	365 Ps/Unit
201-300 യൂണിറ്റ് വരെ	—	430 Ps/Unit
301-500 യൂണിറ്റ് വരെ	—	530 Ps/Unit
501 യൂണിറ്റിന് മുകളിൽ	—	545 Ps/Unit

(ബി) — (ഡി) 1-10-2002 മുതൽ കുടിവെള്ള പദ്ധതികൾക്ക് നിലവിലുള്ള നിരക്കുകളിൽ കുറവുവരുത്തണമെന്ന അപേക്ഷ പരിഗണിച്ചാണ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടുകൂടി സ്വാശ്രയ സംഘടനകൾക്ക് നിരക്കുകളിൽ കുറവുവരുത്തിയിട്ടുള്ളത്.

ഇലക്ട്രോണിക് മീറ്ററുകൾ

16 [2766] *ശ്രീ. പി. എസ്. സുപാൽ:*
,, *എൻ. രാജൻ:*
,, *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് മീറ്ററുകളെക്കുറിച്ച് ഇതുവരെ എത്ര പരാതികൾ ലഭിച്ചു; ഈ പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം ഇലക്ട്രോണിക് മീറ്ററുകളുമായി ബന്ധപ്പെട്ട കോടതിവിധി ഉണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 69042.

പരിശോധനയിൽ +/-1% കൂടുതൽ വ്യത്യാസം കാണിച്ച മീറ്ററുകൾ മാറ്റി ടെസ്റ്റ് ചെയ്ത പുതിയ മീറ്ററുകൾ സ്ഥാപിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇലക്ട്രോണിക് മീറ്ററുകളുമായി ബന്ധപ്പെട്ട് ലോകായുക്തയുടെ ഉത്തരവിന്റെ പൊതുവ്യാപ്തി ബഹുമാനപ്പെട്ട ഹൈക്കോടതി തടഞ്ഞിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ഹൈക്കോടതിയിലെ കേസിൽ ഇതുവരെ തീർപ്പായിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ വൈദ്യുതി നിരക്ക്

17 [2767] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് സംസ്ഥാന വൈദ്യുതി ബോർഡ് ഇപ്പോൾ അനുവദിക്കുന്ന സൗജന്യങ്ങൾ എന്തൊക്കെയാണ്;

(ബി) കാർഷിക മേഖലയ്ക്ക് വൈദ്യുതി സൗജന്യങ്ങൾ അർഹമായ തോതിൽ അനുവദിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാർഷിക മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുവാനും കൃഷി ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കാനും സർക്കാർ സത്വര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) കൃഷി ഉപഭോക്താക്കൾക്ക് ഒന്നാമത്തെ മുൻഗണനയാണ് ഇലക്ട്രിക് കണക്ഷന് നൽകുന്നത്. എല്ലാ കൃഷി ആവശ്യങ്ങൾക്കുമുള്ള വൈദ്യുതി കണക്ഷനുകൾക്ക് ഒരു കണക്ഷന് 20000 രൂപ വച്ച് മിനിമം ഗ്യാരണ്ടി തുകയിൽ ഇളവ് നൽകിയിട്ടുണ്ട്. ഇപ്പോൾ ഈ മിനിമം ഗ്യാരണ്ടി സമ്പ്രദായം നിർത്തലാക്കിയിരിക്കുകയാണ്.

കൃഷിഭൂമിയുടെ വിസ്തൃതിക്ക് പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായും രണ്ട് ഹെക്ടറിൽ കവിയാത്ത മറ്റെല്ലാ കാർഷികവിളകൾക്കും കൃഷിവകുപ്പ് തുക അടയ്ക്കണമെന്നുള്ള വ്യവസ്ഥയിൽ സൗജന്യമായി വൈദ്യുതി നൽകുന്നുണ്ട്. കൃഷി ഉപഭോക്താക്കളിൽനിന്നും വളരെക്കുറഞ്ഞ തുകയാണ് ഇലക്ട്രിസിറ്റി ചാർജ്ജായി ഈടാക്കുന്നത്. താരിഫിന്റെ നിരക്ക് താഴെ കൊടുത്തിരിക്കുന്നു:

ഫിക്സഡ് ചാർജ്ജ്, എനർജി ചാർജ്ജ്	KW/Month — 6 രൂപ യൂണിറ്റ് — 65 പൈസ

(ബി) ഇല്ല.

(സി) കാർഷിക മേഖലയ്ക്ക് പ്രത്യേക പരിഗണന ഇപ്പോൾതന്നെ നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly